"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ജോസ് മാത്യുവിനെതിരായ നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2316/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/12/2020

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 10.11.2014-ലെ സി.ടി.പി.(വിജി.) 944/14, 27.10.2015-ലെ സി.ടി.പി.(വിജി.) /731/15 നമ്പർ റിപ്പോർട്ടുകൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 17.10.2018-ലെ ഡി1-15122/2016നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 24.12.2019-ലെ PAN/3459/2019-D1(DP) നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിലെ സർവ്വേ നം.78/4-ൽപ്പെട്ട സ്ഥലത്ത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടലംഘനത്തോടെ നിർമ്മാണാനുമതി നൽകിയ മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസ് മാത്യുവിനെതിരെ നടപടി സ്വീകരിക്കുവാൻ സിറ്റിപി (വിജിലൻസ്) ശുപാർശ ചെയ്യുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടർ പരാമർശം (2), (3) എന്നിവ പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ അനധികൃത കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് സംബന്ധിച്ച് ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ പൂർണമായും ശരിയാണെന്നും എന്നാൽ തറയിൽ നിന്നും 2 നിലയിൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടം 58 (12) പ്രകാരമുള്ള ഫയർ & റെസ്ക്യൂ അധികൃതരിൽ നിന്നും എൻ.ഒ.സി. നിർബന്ധമാണെന്ന ചട്ടം പിന്നീട് ബഹു ഹൈക്കോടതിയുടെ വിധിയിൽ തറ നില കൂടാതെ ഉൾപ്പെട്ട 2 നിലക്ക് ഫയർ എൻ.ഒ.സി. വേണമെന്ന വ്യാഖ്യാനം ശരിയല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതായും ചട്ടം 47 (1) ബാധകമാകുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എഫ്.എ.ആർ. കവറേജ്, പാർക്കിംഗ് എന്നിവ സംബന്ധിച്ചുള്ള അപാകത ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും കൂടാതെ പ്രസ്തുത ഫയലിലെ 21.04.2015-ലെ നോട്ട് പ്രകാരം ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ടിൽ പരാമർശിച്ച ചട്ടലംഘനങ്ങൾ പരിഹരിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ശ്രീ. ജോസ് മാത്യുവിന്റെ വിശദീകരണത്തിൽ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദർ സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചത് എന്ന് വിശദീകരിച്ചിരിക്കുന്നത് ശരിയാണെന്നും പ്രസ്തുത അപേക്ഷയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷയിൽ പറഞ്ഞ സ്ഥലം പരിശോധിച്ചു എന്നും അനുമതി നൽകാവുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടലംഘനങ്ങൾ ടൗൺ പ്ലാനർ കണ്ടെത്തിയിട്ടുള്ളതിനാലും ചട്ടലംഘനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതിനാലും ടി ചട്ടലംഘനങ്ങൾ ചൂണ്ടിക്കാണിക്കാതെ അനുമതി നൽകുന്നതിന് ശുപാർശ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയാണ് സംഭവിച്ചിട്ടുള്ളതെന്നും ടി ചട്ടലംഘനത്തിന് സെക്രട്ടറി ഉത്തരവാദിയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ നടപടിക്കാധാരമായ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുള്ളത് 19.08.2011 നാണെന്നും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, 2011 പ്രാബല്യത്തിൽ വന്നത് 14.02.2011 -നാണെന്നും അതിന് മുൻപ് കേരള മുൻസിപ്പൽ

ബിൽഡിംഗ് റൂൾസ്, 1999 ആണ് ബാധകമായിരുന്നതെന്നും 20.06.2007-ലെ 24136/ആർ.ഐ1/07/തസ്വഭവ നമ്പർ സർക്കുലർ 1999 ലെ റൂൾസിന് അനുസൃതമായി പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011, 14.02.2011 ൽ പ്രാബല്യത്തിൽ വന്നതോടെ അതിലെ വ്യവസ്ഥകളാണ് ബാധകമായി വരുന്നതെന്നും അതിലെ ചട്ടം 2 3 പ്രകാരം, പെർമിറ്റ് നൽകുന്നതിനും, പ്ലാനുകൾ/വിശദാംശങ്ങൾ അംഗീകരിക്കുന്നതിനും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പെർമിറ്റ് നല്കുമ്പോഴും പ്ലാനുകൾ/വിശദാംശങ്ങൾ അംഗീകരിക്കുമ്പോളും നിലവിലുള്ള എല്ലാ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അവ വിധേയമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും, വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ 20.06.2007 ലെ 24136/R1/07/LSGD നമ്പർ സർക്കുലർ അടിസ്ഥാനമാക്കി സെക്രട്ടറിയെ മാത്രം കുറ്റക്കാരനായി കാണുന്നത് ശരിയല്ലെന്നതിനാൽ അക്കാലയളവിൽ മുക്കം സെക്രട്ടറിയായിരുന്ന ശ്രീ. ജോസ് മാത്യുവിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിനുള്ള അവകാശം സെക്രട്ടറിയിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നതെങ്കിലും അത് സംബന്ധമായി ശുപാർശകൾ സമർപ്പിക്കുന്ന ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാരും ക്രമക്കേടിന് ഉത്തരവാദികളാണ്. 2011-ൽ നടന്ന സംഭവത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി ശുപാർശ ചെയ്തിരിക്കുന്നത് എന്നതിനാലും ശ്രീ. ജോസ് മാത്യു സേവനത്തിൽ നിന്നും വിരമിച്ചിട്ട് 5 വർഷം കഴിഞ്ഞതിനാലും , 20.06.2007 ലെ 24136/R1/07/LSGD നമ്പർ സർക്കുലർ അടിസ്ഥാനമാക്കി സെക്രട്ടറിയെ മാത്രം കുറ്റക്കാരനായി കാണുന്നത് ശരിയല്ല എന്നതിനാലും മുക്കം സെക്രട്ടറിയായിരുന്ന ശ്രീ. ജോസ് മാത്യുവിനെ എതിരായുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ജോസ് മാത്യു, മുൻ സെക്രട്ടറി, മുക്കം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/98/2016/തസ്വഭവ)

File No.LSGD-EPB3/98/2016-LSGD

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.12.16 14:14:34 IST
Reason: Approved

സെക്ഷൻ ഓഫീസർ